

ശ്രീകാന്ത് & ശ്രീകാന്ത്
എന്റർപ്രൈസസ്
അവതരിപ്പിക്കുന്ന
സതി അനസൂയ
(മലയാളം)
ഈസ്റ്റ്മെൻ കളർ
സംഭാഷണം
അഭയദേവ്
ഗാനങ്ങൾ
പി. ഭാസ്കരൻ
സംഗീതം
ആദിനാരായണറാവു
സംവിധാനം
ബി. എ. സുബ്ബറാവു
RAJSHRI RELEASE

# സതി അനസൂയ

(മലയാളം കളർ)

| | |
|---|---|
| സംഭാഷണം; | അഭയദേവ് |
| ഗാനങ്ങരം; | പി. ഭാസ്കരൻ |
| സംഗീതം; | ആദിനാരായണറാവു് |
| ഗാനാവിഷ്കരണം; | വി. ദക്ഷിണാമൂത്തി |
| ഛായാഗ്രഹണം: | എസ്. വി. ശ്രീകാന്തു്, ബി. എസ്സ്. |
| ശബ്ദഗ്രഹണം-സംഭാഷണം | ജഗ്ഗു (രേവതി) |
| ഗാനങ്ങരം; | കണ്ണൻ (ഭരണി) |
| എഡിററിംഗ്; | കൃഷ്ണ - വേലായുധം |
| കലാസംവിധാനം; | എച്ച്. ശാന്താറാം |
| എക്സി പ്രൊഡ്യൂസർ; | മധുഭായ് പട്ടേൽ |
| നിമ്മാണം; | ശ്രീകാന്തു് നഹാത്ത, ശ്രീകാന്തു് പട്ടേൽ |
| തിരക്കഥ, സംവിധാനം; | ബി. എ. സുബ്ബറാവു് |

---

| | |
|---|---|
| വിതരണം; | 'രാജശ്രീ' |

---

## നടീനടന്മാർ:

ശോഭൻ ബാബു, കാന്ത റാവു, രാജ നല,

രാജ്ബാബു, പ്രഭാകർ റെഡ്ഡി, സത്യനാരായണ,

ജമുന, ശാരദ, മീനാകുമാരി,

അനുരാധ, ഉഷ, മധുമതി, *etc.*

## നൃത്തം:

ജോതിലക്ഷ്മി, ഉഷാകുമാരി, ജനാർദ്ദൻ

# സതി അനസൂയ - കഥാസാരം

ദേവർഷിയായ നാരദൻ കലഹ പ്രിയനെന്നും ഏഷണിക്കാര നെന്നുമാണല്ലൊ അറിയപ്പെടുന്നതു്. പക്ഷെ അദ്ദേഹത്തിൻെറ കമ്മങ്ങളെല്ലാം ഏതെങ്കിലും മഹത്തായ ഉദ്ദേശത്തോടു കൂടി യായിരിക്കും.

ഗംഗയിൽ സ്നാനം ചെയ്യുന്ന മനുഷ്യരുടെ പാപങ്ങരം അവരെ വിട്ടുമാറുന്നു. അങ്ങിനെ മനുഷ്യരെ വിട്ടുമാറുന്ന പാപങ്ങളെല്ലാം കൂടിചേൎന്നു് ഗംഗയെ ഭീഷിണിപ്പെടുത്തുകയാണു്. ഈ ഭീഷ ണിയിൽ നിന്നു രക്ഷപ്പെടാനായി പലായനം ചെയ്യുന്ന ഗംഗയെ യാണു് തൻെറ വിനോദത്തിനു ഉപകരണമായി ഇത്തവണ നാരദനു ലഭിച്ചതു്. അദ്ദേഹം ഗംഗയോടു ചോദിച്ചു—''ഇതിൽ നിന്നു മോചനം നേടാൻ എന്താണു മാൎഗ്ഗം ദേവി!'' സർവ്വോത്തമയായ ഒരു പതിവ്രതാരത്നത്തിനു മാത്രമെ ഈ പാപത്തിൽ നിന്നു് എ ന്നെ രക്ഷിക്കാൻ കഴിയൂ ''ഗംഗ പറഞ്ഞു.'' എങ്കിൽ ലക്ഷ്മി സ രസ്വതി, പാൎവ്വതി എന്നീ ലോകമാതാക്കളെപ്പോലെ ഉത്തമകളായ പതിവ്രതകരം മററാരാണുള്ളതു്. നാരദൻ ഗംഗയെ അവരുടെ സ മീപത്തേക്കു നയിച്ചു.

ദുർഭാഗ്യമെന്നു പറയപ്പെട്ടു, ഗംഗയെ പാപവിമോചിതയാ ക്കുന്ന കാര്യത്തിൽ ലോകമാതാക്കരം മൂവരും പരാജയമടഞ്ഞു.

ഭക്തപ്രിയനായ പരമശിവൻെറ ലീലയാണിതെന്നും ലോക മാതാക്കളുടെ അഹങ്കാരം ശമിപ്പിക്കാൻ ദൈവം തന്നെ ഉപകരണ മാക്കുകയാണെന്നും നാരദനറിഞ്ഞിരുന്നു.

നാരദൻ, ഗംഗയെ ഭൂലോകത്തിൽ അത്രീ മഹർഷിയുടെ പത്നിയും സാദ്ധ്വീരത്നവുമായ അനസൂയാദേവിയുടെ സമീപ ത്തേക്കു ആനയിച്ചു. ആ മഹതിയുടെ തപശക്തികൊണ്ടു ഗംഗ പാപങ്ങളിൽ നിന്നു മോചിതയായി.

ഈ പരാജയം ലോക മാതാക്കളെ വ്യാകുലചിത്തരാക്കി. സ്ത്രീസഹജമായ അസൂയയ്ക്കു വശഗരായ അവർ അനസൂയയുടെ സ തീത്വത്തിനെ ഒന്നു പരീക്ഷിക്കാൻ തന്നെ തീൎച്ചയാക്കി.

ശിവ പാൎവ്വതിമാർ വ്യാജവേഷത്തിൽ അനസൂയയുടെ ആശ്രമ ത്തിൽ എത്തി ഭിക്ഷയാചിച്ചു. തൻെറ മടിയിൽ ശിരസ്സു വെച്ചു ഉറങ്ങുന്ന ഭത്താവിൻെറ നിദ്രക്കു് ഭംഗം വരുമെന്നുള്ളതുകൊണ്ടു് ഭിക്ഷ കൊടുക്കാൻ അനസൂയ കൂട്ടാക്കിയില്ല. കോപിഷ്ടയായ പാൎവ്വതി അനസൂയയുടെ ഭർത്തൃ പരിചര്യക്കു വിഘ്നം വരുത്താ നായി ഒരു കഠിനകൃത്യം ചെയ്തു. അതു പരമശിവനു ദോഷമായി ട്ടാണു് ഭവിച്ചതു്. അവിടേയും പാൎവ്വതി പരാജയപ്പെട്ടു. മട ങ്ങുമ്പോരം ലിംഗരൂപത്തിൽ തൻെറ ഒരു വിഗ്രഹം അവിടെ സ്ഥാപിച്ചിട്ടു പോകാൻ ഭക്തപ്രിയനായ ഭഗവാൻ മറന്നില്ല.

അത്രിമുനിയുടെ ആശ്രമത്തിൽ പ്രത്യക്ഷപ്പെട്ട ശിവലിംഗ

ത്തെ പൂജിച്ചു വന്ദിക്കാൻ ജനങ്ങരം ഓടികൂടി. അവർ ക്ഷേത്രത്തിലേക്കു് പോകാതെയായി. ഇതു് ക്ഷേത്രത്തിലെ പൂജാരിയെ കോപം കൊള്ളിച്ചു. അയാരം അനസൂയയുടെ മേൽ അപവാദങ്ങരം പറഞ്ഞു പരത്തുകയും ആ സ്വാദ്ധ്വിയെ ദ്രോഹിക്കാൻ പല കത്സിതകമ്മങ്ങരം അനുഷ്ഠിക്കുകയും ചെയ്തു. ഒടുവിൽ ഭയങ്കരമായ ദൈവകോപത്തിന്നിരയായി തീൻ്റു

നമ്മദ എന്നൊരു ഭക്തയെ അനസൂയ ഉടലോടെ സ്വഗ്ഗത്തിലേക്കയച്ചു. എന്നാൽ ഇന്ദ്രശാപം മൂലം സ്വഗ്ഗം പ്രാപിക്കാനാവാതെ അവരം മടങ്ങിയെത്തി. അവളോടു് അനസൂയ പറഞ്ഞു. ''നാളെ സൂര്യനുദിക്കുമ്പോരം ഏതൊരു പുരുഷൻ നിൻെറ ദൃഷ്ടിയിൽ പെടുന്നുവൊ അവനെ ഭത്താവായി സ്വീകരിച്ചു ദൈവമായി ആരാധിക്കുക. സ്ത്രീയുടെ സ്വഗ്ഗം അതാണു്.

ത്രിമാതാക്കരം ഇതു് ഒരു അവസരമാക്കി. കൗശികൻ എന്ന ഒരു അന്ധനെ നമ്മദയുടെ മുമ്പിലെത്തിച്ചു. അയാളിലൂടെ അവർ നമ്മദയെ പലവിധത്തിൽ പീഡിപ്പിച്ചു. ഭത്താവിനു വേണ്ടി തൻെറ കാലു മുറിച്ചുകളയാൻപോലും നമ്മദ തയ്യാറായി. നാളെ പ്രഭാതമായാൽ നീ മരിക്കുമെന്നു് ഒരു സന്യാസി കൗശികനെ ശപിച്ചു. നമ്മദ തൻെറ ദിവ്യമായ വ്രതബലം കൊണ്ടു് സൂര്യനെ തടഞ്ഞു നിത്തി. അന്ധകാരത്തിൽ ആണ്ടുപോയ ലോകത്തിനെ രക്ഷിക്കാൻ അനസൂയതന്നെ നമ്മദയോടപേക്ഷിച്ചു. അനസൂയയുടെ അപേക്ഷയെ ആദരിച്ചു് നമ്മദ സൂര്യനെ ഉദിച്ചുകൊള്ളാൻ അനുവദിച്ചു. പ്രഭാതകിരണങ്ങരം കണ്ടതോടെ മരിച്ചുവീണ കൗശികനെ അനസൂയ തൻെറ ദിവ്യശക്തികൊണ്ടു് വീണ്ടും ജീവിപ്പിച്ചു. അന്ധത നീങ്ങി ജീവിച്ച കൗശികൻെറയും നമ്മദയുടെയും ജീവിതം പ്രകാശപൂണ്ണമായി. ഇതിനിടക്കു അനസൂയയുടെ ചാരിത്ര്യം അപഹരിക്കാൻ ലോകമാതാക്കരം കാമദേവനെ നിയോഗിച്ചു. അവിടേയും ഫലം അവക്കു അനുകൂലമായില്ല. എല്ലായിടത്തും പരാജയപ്പെട്ട ലോകമാതാക്കരം അനസൂയയെ തോല്പിക്കാൻ ഒടുവിൽ തങ്ങളുടെ ഭത്താക്കന്മാരെ ശരണം പ്രാപിച്ചു. ത്രിമൂത്തികരം അതിഥികളായി അനസൂയയുടെ ആശ്രമത്തിൽ എത്തി. അതിഥി സൽക്കാരത്തിനു് തയ്യാറായി വന്ന അനസൂയയോടു അവർ പറഞ്ഞു. നഗ്നയായി വിളമ്പിത്തന്നാൽ മാത്രമെ ഞങ്ങരം ഈ ആതിഥ്യം സ്വീകരിക്കുകയുള്ളു.

സ്ത്രീയുടെ അഭിമാനത്തിനു് താങ്ങാൻ വയ്യാത്ത പ്രഹരമായിരുന്നു അതു്. അതിഥികളെ സൽക്കരിക്കാതെ വിടാനും പാടില്ല. ഒടുവിൽ ആ സ്വാദ്ധ്വി നഗ്നയായിത്തന്നെ അവക്കു് ആഹാരം വിളമ്പി കൊടുത്തു. പക്ഷെ അതിനു മുൻപു ത്രിമൂത്തികളെ തൻെറ ദിവ്യത്വം കൊണ്ടു അവർ മൂന്നു കുഞ്ഞുങ്ങളായി മാററിയിരുന്നു.

അങ്ങിനെ അവിടേയും തോററ ലോകമാതാക്കരം അനസൂയയെ ആശ്രയിച്ചു— അവളോടു മാപ്പു ചോദിച്ചു— ത്രിമൂത്തികരം അനസൂയയെ അനുഗ്രഹിച്ചു മൂന്നു പേരുടേയും അനുഗ്രഹ ഫലമായി അവർക്കു് ദത്താത്രേയൻ എന്നൊരു പുത്രനെ ലഭിച്ചു.

# സതി അനുസൂയ

## ഗാനം 1

രചന: **പി. ഭാസ്കരൻ** പാടിയതു്: **ജയചന്ദ്രൻ**

ദാതാവേ ബന്ധുവാം ദേവദേവാ
ഊഹാതീതമീ ലീല — ആ....
ഊഹാതീതമീ ലീലാ............

വരമുനി വന്ദിതാ
കരുണാന്തരംഗാ
കരുണാമൂർത്തീ
നദിയേ ഗംഗാ

പാപ പിശാചുക്കരം
മാലേററി നിന്നിൽ — ആ....
ദാതാവേ ബന്ധുവാം ദേവദേവാ
ഊഹാതീതമീ ലീലാ....
ദാതാവേ ബന്ധുവാം ദേവദേവാ........

## ഗാനം 2

രചന: **പി. ഭാസ്കരൻ** പാടിയതു്: **ജാനകി**

പതിസേവയേ നാരികരം
ജീവാദർശമായ്ക്കാണാൻ
മതിയരുള്ള ദൈവമേ നിയ്യേ
ഫലദാ കാന്തസേവാ താൻ
പതിപദയുഗമേ മംഗളകരമേ
പതിപദധൂളിയേ ശോഭാകരമേ
പതിയേ സതി സൗഭാഗ്യമേ....

പതിപദജലമേ ഗംഗാജലമേ
സതിയിവരംക്കേകിയ പൂജാഫലമേ
പതിയേ സതി തൻ ലോകമേ....സഖി....

പതിഭുജലാ ഈ യോഷാസ്പദമേ
അവനുടെ കാലിണ അമരനാകമേ
പതിയെ സതിതൻ മാനമേ....സഖി....

സ്വാമിസേവയേ മുക്തിതൻ നൌകാ
സംസാരാംബുധി താണ്ടും നൌകാ
സതിസ്ത്രീ പതിയേ മോഹമേ—സഖി.

PARVATHI'S VERSE:

അഷ്ടസിദ്ധിതന്നധിദേവിനീതിയേകീ
അഖിലലോകമാതാ, നീ നീതിയേകീ
അമരസാദ്ധ്വിതന്നാരാദ്ധ്യ നീതിയാലേ
ഈ പിശാചജാലങ്ങളൊടുങ്ങിടാവൂ.

## ഗാനം 3

രചന: **പി. ഭാസ്കരൻ** പാടിയതു്: **എസ്. ജാനകി**

നയനമേ നോക്കുകാ
ആ വിലാസഭംഗി തേടുകാ
ഹാരനൂപുര മനോജ്ഞ മേളം
താളവിലസിത മരാളനൃത്യം
നുകരൂ നുകരൂ നവീനനാട്യം.
ലതാംഗി ശോഭ നിതാന്തലാസ്യമേ—
നയനമേ....

രമണിയരികേ രസാലവിലയം
സുഭതി കയറീ സുഖാലശിഖരം
വിധുവെ മധുവെ തരുന്നു മധുരം
രുചിച്ചു വലഞ്ഞു അനംഗ നായകാ....
നയനമേ....

## ഗാനം 4

രചന: **പി. ഭാസ്കരൻ** പാടിയതു്: **എസ്. ജാനകി**

പ്രഭോ ദയാനിധേ, ദിവ്യതേജാ, ഓ നാഗരാജ!
ജയശുഭചരിതാ ഫണികുലജാതാ
മമ്മമാരകാ വിശപഹിതാ
ഭയരഹിതാ വിനതാ വംശജ....

ആകുലഹരണനീ മമഗതിയേക്കു
മാലുപോക്കുക, ഉദാരാ, ബന്ധുര—
മാലുപോക്കുക, ഉദാരാ,
മധുര മധു പായസമുടനേ
നേദ്യമായ് നൽകാം ദേവാ
നിൻപൂജ ചെയ്തിടാം ദേവാ
പാതാളവാസീ ഫണികുലരാജാ
താവകകോപമന്യായമല്ലോ
ഈ ഗതി ധമ്മമാണോ ?
വിശിഷ്ടനാം ഭൂദേവാ
അപദിപ്രാണൻ നീയേക്കു
പരമപൂരുഷദാസനാം ബാന്ധവാ.... (വിശപഹിതാ)

മഹാവിഷ്ണുതല്പമല്ലേ—ശിവനു
മധുരാദ്രഹാരമല്ലേ
ഭുവിനീ മോദവാഹിയല്ലേ
ഉള്ളിലാതങ്കം നീക്കുകനീ.
ദുഖമുടൻ മാററുക ശോകമുടൻ മാററുക
ദേവപ്രിയാ ദയകാണിക്കുമോ
കൂട പൂകീട്ടമോ, കദ്രുസുതാ
സാമോദാ, ഗുണഭരിതാ
ഓ നാഗദേവതാ....

## ഗാനം 5

രചന: **പി. ഭാസ്കർൻ** പാടിയതു്: **എസ്. ജാനകി**

ആലയമില്ലാ, അച്ചനയില്ലാ, ആരാധനയില്ലാ
പതിദേവൻെറ പദസന്നിധി
മന്നിലൊരു പൂജാലയം താൻ
അതേ സതി സൽഗ്ഗതിദാതാ
അതേ പരമാത്മമതേതാൻ.... (ആലയമില്ലാ....

കൺകണ്ട ധമ്മവിഷ്ണു,
കൺകണ്ട ബ്രഹ്മനല്ലോ
ശ്രീശംഭുവായതും നീ — പതിയായ ദേവാ
ഹേ ദൈവമെ നിൻപദം വന്ദേ
ഹൃദിവിലസിത ദേവാ വന്ദേ
ഇതു ദൈവചിത്ത ലീലാ— (പതിദേവൻെറ....

പരിപൂൎണ്ണമധുവിധുഘോഷം
മമജീവനെന്നുമെന്നും
പതിചിന്ത ഹൃദയേ വീഴം
മധുബിന്ദുതാൻ
ഹേ സ്നേഹസുധാമയനേ നീ
ചിരം വാഴക ഹൃദയം തന്നിൽ
എൻ ആത്മനാഥ ദേവാ.... (പതിദേവൻെറ

## ഗാനം 6

രചന: **പി. ഭാസ്ക്കരൻ** പാടിയതു്: **യേശുദാസ്**
**എസ്. ജാനകി**

പുരുഷൻ. ഓ സഖീ വരിക നേരേ എൻ തോഴി നീ
സുഖസാന്ദ്രനിദ്ര നീങ്ങിയോ
ശോഭചൂടി യാമിനി — (ഓ സഖീ....)

സ്ത്രീ. കരിമ്പുവില്ലായ രാഗാധിരാജാ
മല്ലിപ്പൂ മലരേന്തി ഈ വേളയിൽ
ഓ മദനാ വരൂ മോഹനാ
കളിയിൽ ആടിയാടി പാട്ടുപാടി ലീലയിൽ
ഇന്നു വനിയാകെ വിലസുന്നു വാസന്ത ശോഭനേറാണീ

ഇരയേ മലരമ്പ നീ തേടുകാ
ഓ മദനാ നവമോഹനാ....

പുരുഷൻ. മധുരിമ ചിന്തുക നീയോമനേ
ഹാ മാധുരി തൂകു കുയിലെ

സ്ത്രീ. എന്മനോവീണയിതു താളം രാഗം ഭാവം എല്ലാം
ഈ രൂപമേ, എൻെറ സുഖധാമമേ....
പഞ്ചശരാ മദനാ....സുകുമാരാ നവമോഹനാ

രണ്ടുപേരും. വെൺകതിർ വിതറുന്നു ദൂരെ ശരത്ചന്ദ്രികാ
കുയിൽ കൂകി ദേവഗായികാ
നീയെൻ രാഗനായികാ
സുന്ദരാ വസന്ത മന്ദിരാ
വരിക വിണ്ണിതിൽ പുഷ്പബാണമിന്നെവിടെ....

NARADA'S VERSE:

ദാഹമൊടു പ്രാണനാഥൻ തന്നുവിതാകെ
ഹാ വിവശമിതു, ഇവിടെ, വീണുപോയീ
പാർവ്വതീനാഥാ, ഞാനിന്നു പതിതാ അവശ
ഭാഗ്യമരുളി ശംഭു കാപ്പാററുവേഗാൽ —

## ഗാനം 7

രചന: **പി. ഭാസ്കരൻ** പാടിയതു് : **എസ്. ജാനകി**

വിരുത്തം

ഹേ പ്രഭോ കളയണമെൻെറ
ശോകമുടനേ കാപാലീ
കരുണമേ തരുമോ നീ
സുരഗംഗജടാധാരീ
മമസ്തുതി ശ്രവിക്കുമോ
പരമശിവേശാ
വാനവദാതാ തരുമോ മറവേഗാൽ....

പാട്ടു്

ഹിമഗിരി മന്ദിരാ ഗിരിജാസുന്ദരാ
കരുണാസാഗരാ — യക്ഷഗണനാഥാ
ഭുജംഗഭൂഷണാ — അനംഗഭീഷണാ

കരാളജ്വാല കെടുത്തുകാ
കാമിതദാതാ – പ്രഭോ ശങ്കരാ— (ഹിമഗിരി)

പതിസേവനമേ ജീവിതമായ് നിനച്ചിതു ഞാനും
ഇവരും നിന്ദതൻെറ കണ്ഡമിതിൽ നിഗ്ഗതി നേടീ
ജടാജൂടാധരാ, ജഗത്ഭയങ്കരാ
ദുരന്തമാകെ നീക്കുക, ഭൂതകുലനാഥാ
പ്രഭോ ഈശ്വരാ........

## ഗാനം 8

രചന: **പി. ഭാസ്ക്കരൻ** പാടിയതു്: **എസ്. ജാനകി**

ദിനകരാ ജയകരാ
പാവനരൂപാ ജീവനദാതാ
പ്രഥമകിരണം പണ്ടൊരുനാളിൽ
പ്രാണവല്ലഭനെ ഏകിയതില്ലേ
മംഗളകരമാം നിൻ കിരണാവലി
മംഗല്യമുടൻ കവരുകയായി.... (ദിനകരാ....)

ലോകമിതിൽ നീ ഒളിതൂകി ദേവാ
ശ്രീകരാ, വരദാ, ധരണീനാഥാ
കരുണാസിന്ധോ കമലാബന്ധോ
ഉദയമരുതേ ഓ സൂര്യദേവാ.... (ദിനകരാ....)

ചണ്ഡകിരണ ബ്രഹ്മാണ്ഡകടാഹോ—
ദ്ഭൂണ്ഡതമോ ഹരണാ
സകല ചരാചര, നിഖിലജഗജ്ജന—
ചൈതന്യോദ്ധരണാ
ദ്വാദശാദിത്യ രൂപാ
രോദനീകുഹര ദീപാ
ഉദയം തടയൂ, ഉദയം തടയൂ....ഉദയം തടയൂ....

## ANASUYA'S VERSE

പതിയേ ദൈവമായ്ക്കണ്ട പതിവ്രത ഞാൻ
സ്വാമി പദതാരു പണിയും സാദ്ധ്വിയെങ്കിൽ
ഇന്നു, അപമാനമിതെയംബ, തീക്കുമുടനെ
നീ വരമരുളൂ, ഇക്ഷണമിവരെ പാപമററ ശിശുക്കളാകാൻ

## ഗാനം 9

രചന: പി. ഭാസ്കരൻ പാടിയതു്: എസ്. ജാനകി യും കൂട്ടരും

എൻെറ കൺമുന്ന വിടർന്നൊരു പൂവ്വ്
പുണ്യമോ ഈ കാഴ്ച കാണുക
ജഗൽപിതാക്കൾ മൂന്നു മൂർത്തികൾ
പിഞ്ചുബാലകരായി മേവുന്നു
തൊട്ടിലിലാടാൻ............

രാരീ....രാരീ....രാരീ....രാരീ....

സൃഷ്ടിയാലുടൻ വാടിവാടി
വിവശനായ് നീ ഉറങ്ങുമോ
ബ്രഹ്മാവുകുഞ്ഞേ ഉറങ്ങുമോ
അധരഹാസങ്ങൾ തുളുമ്പി തുളുമ്പി
അലസനിദ്രയിൽ വീഴുമോ
നാരായണാ നീ ഉറങ്ങുമോ
പ്രണവതാണ്ഡവമാടിയാടി
പരവശനായ് തീർന്നുവോ
കൈലാസശംഭോ ഉറങ്ങുമോ.... (എൻെറ)

ലളിതകലകൾ തൻ നിലയമായ
വാണിയിന്നെൻ വീട്ടുകാരി
ശ്രീലകമലാ നിഖിലവന്ദിത
ലക്ഷ്മിയിന്നെൻ വീട്ടുകാരി
പതികുലസൌഭാഗ്യമാമീ
പാർവ്വതിയിന്നെൻ വീട്ടുകാരി

രാരീരോ രാരീ............

## ഞങ്ങളുടെ പുതിയ മലയാള ചിത്രങ്ങൾ

രാജ്ശ്രീ പ്രൊഡക്ഷൻസ്

**ഉപഹാരം** (കളർ)

ജയഭാദുരി, സ്വരൂപ് ദത്ത്

സംഗീതം: ലക്ഷ്മീകാന്ത് - പ്യാരേലാൽ

ശ്രീകാന്ത് പ്രൊഡക്ഷൻസ്

**പ്രൊഡക്ഷൻ നമ്പർ 7**

ശാരദ, മധു, ശങ്കരാടി *etc.*

സംവിധാനം: പി. ഭാസ്കരൻ

സുപ്രിയായുടെ

**നഖങ്ങൾ** (കളർ)

മധു, കെ. ആർ. വിജയ, ജയഭാരതി *etc.*

സംവിധാനം: വിൻസൻറ്

**തമിഴ്**

കാമാക്ഷി ഏജൻസീസ്

**നാൻ ഏൻ പിറന്തേൻ** (കളർ)

എം. ജി. ആർ., കെ. ആർ. വിജയ, കാഞ്ചന *etc.*

സംവിധാനം: എം. കൃഷ്ണൻ

CINEMA SONG BOOK SELLER
K. K. BABU
(Near Shenoy's Theatre)
M. G. Road, Ernakulam
COCHIN-11

**Rajshri Pictures Private Ltd.**
Ernakulam, Trivandrum, Calicut

Chandralekha Printers, Cochin-18